# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4001 — 24.08.2017 ലെ മറുപടി

## താനൂർ പൂരപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.അബ്ദുറഹിമാൻ: | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) താനൂർ പൂരപ്പുഴയ്ക്ക് കുറുകെ റെഗുലേറ്റർ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ ഇരുപത്തിയഞ്ച് കോടി രൂപ അനുവദിച്ച പദ്ധതിയുടെ തുടർനടപടികൾ ഏതു ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ; | (എ) താനൂർ പൂരപ്പുഴയ്ക്ക് കുറുകെ കെട്ടുങ്ങൽ ബീച്ചിനു സമീപം കെട്ടുങ്ങൽ തോടിൽ കിഫ്ബി ധനസഹായത്തോടെ ഒരു റഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ പര്യവേഷണ പ്രവൃത്തികൾ ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |
| (ബി) റെഗുലേറ്ററിനൊപ്പം വാഹനങ്ങൾ കടന്നു പോകേണ്ട പാലവും അനിവാര്യമാണോ എന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) പ്രധാനമായും ഉപ്പ് വെള്ളം തടയുന്നതിനാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇരുകരകളിലും അപ്രോച്ച് റോഡില്ലാത്തതിനാലും തൊട്ടടുത്തുതന്നെ മറ്റൊരു പാലം ഉള്ളതിനാലും റെഗുലേറ്ററിനോടൊപ്പം പാലം അനിവാര്യമല്ല. എന്നാലും പാലത്തിന്റെ ആവശ്യകതയും പ്രായോഗികതയും മറ്റു ഭൗതിക ഘടകങ്ങളും കണക്കിലെടുക്കുന്നതാണ്. |
| (സി) അങ്ങനെ ആവശ്യമെങ്കിൽ റെഗുലേറ്ററിനൊപ്പം പാലം കൂടി നിർമ്മിക്കുന്നതിനാവശ്യമായ രീതിയിൽ പ്രോജക്ടിൽ മാറ്റം വരുത്തി പദ്ധതി നടപ്പിലാക്കുമോ; | |

| | | | |
|---|---|---|---|
| (ഡി) | ഈ പദ്ധതി എപ്പോൾ ആരംഭിച്ച് എന്നത്തേക്ക് പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | റെഗുലേറ്റർ പണിയുന്നതിനായുള്ള ഇൻവെസ്റ്റിഗേഷനും ഡിസൈനും നടത്തി പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**